# തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - കോഴിക്കോട് ജില്ല - ഉള്ള്യേരി ഗ്രാമപഞ്ചായത്ത് - ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയെടുത്തത് - സീനിയർ ക്ലാർക്ക് ശ്രീ. സാജിദ് വി.കെ. എന്നവർക്കെതിരെയുള്ള അച്ചടക്കനടപടി - സേവനത്തിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ LSGD/PD/42706/2023-VIGD4 തീയതി: 16-03-2025**

പരാമർശം:

1) ശ്രീ. ടി.കെ. അബൂബക്കർ, ഉന്നം കണ്ടിയിൽ ഹൌസ്, മടവൂർ പി.ഒ. എന്നവർ 20/03/2023 തീയതിയിൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പരാതി.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 02/08/2023 തീയതിയിലെ ഇതേ നമ്പർ കത്ത്.
3) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസറുടെ 11/09/2023 തീയതിയിലെ LSGD/JD/KKD/2766/2023-A14 നമ്പർ റിപ്പോർട്ട്.
4) ഈ കാര്യാലയത്തിലെ 24/10/2023 തീയതിയിലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
5) ഈ കാര്യാലയത്തിലെ 27/10/23 തീയതിയിലെ ഇതേ നമ്പർ കത്ത്.
6) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 01/03/2024 തീയതിയിലെ LSGD/JD/KKD/5582/2023-A11 (1) നമ്പർ കത്ത്.
7) ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി കൊണ്ടുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ 01/04/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
8) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 06/05/2024 തീയതിയിലെ LSGD/JD/KKD/5582/2023-A14 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
9) ഈ കാര്യാലയത്തിലെ 13/05/2024 തീയതിയിലെ ഹിയറിംഗ് നോട്ടീസ്.
10) 23/05/2024 തീയതിയിൽ നടന്ന ഹിയറിംഗിൽ പങ്കെടുത്ത് ശ്രീ. സാജിദ് വി.കെ. സമർപ്പിച്ച സ്റ്റേറ്റ്മെന്റ്.
11) ഈ കാര്യാലയത്തിലെ 04/07/2024 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
12) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 22/07/2024 തീയതിയിലെ LSGD/JD/KKD/5582/2023-A4 നമ്പർ കത്ത്.
13) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് 31/07/2024 തീയതിയിൽ നൽകിയിട്ടുള്ള ഇതേ നമ്പർ കത്ത്.
14) 31/07/2024 തീയതിയിൽ ശ്രീ. സാജിദ് വി.കെ. ഈ കാര്യാലത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ.
15) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 02/08/2024 തീയതിയിലെ

LSGD/JD/KKD/5582/2023-A4 നമ്പർ കത്ത്.

16) ഈ കാര്യാലയത്തിൽ നിന്നും 05/08/2024 തീയതിയിൽ ശ്രീ. സാജിദ് വി.കെ. യ്ക്ക് നൽകിയിട്ടുള്ള ഇതേ നമ്പർ മറുപടി.

17) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 27/08/2024 തീയതിയിലെ LSGD/JD/KKD/5582/2023-A4 നമ്പർ കത്തിനോടൊപ്പമുള്ള ശ്രീ. സാജിദ് വി.കെ. യുടെ വിശദീകരണം.

18) ഈ കാര്യാലയത്തിലെ 03/10/2024 തീയതിയിലെ ഹിയറിംഗ് നോട്ടീസ്.

19) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 15/10/2024 തീയതിയിലെ LSGD/JD/KKD/5582/2023-A4 നമ്പർ കൈപ്പറ്റ കത്ത്.

20) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24/10/2024 തീയതിയിലെ LSGD/JD/KKD/5582/2023-A4 നമ്പർ കത്ത്.

21) ഈ കാര്യാലയത്തിലെ 18/11/2024 തീയതിയിലെ ഹിയറിംഗ് നോട്ടീസ്.

22) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 28/11/2024 തീയതിയിലെ LSGD/JD/KKD/5582/2023-A4 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സാജിദ് വി.കെ. കോഴിക്കോടുള്ള ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ ജോലി വാഗ്ദാനം ചെയ്ത് നാല്പത്തിയഞ്ചു ലക്ഷം രൂപ തട്ടിയെടുത്തെന്ന് ആരോപിച്ച് ശ്രീ. ടി. കെ. അബൂബക്കർ, ഉന്നം കണ്ടിയിൽ ഹൌസ്, മടവൂർ പി.ഒ. എന്നവർ 20/03/23 തീയതി രേഖപ്പെടുത്തി ബഹു. മുഖ്യമന്ത്രിക്ക് അഡ്രസ്സ് ചെയ്ത് നൽകിയിട്ടുള്ള പരാമർശം (1) പ്രകാരമുള്ള പരാതി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്ന് പരിശോധനയ്ക്കായി ഈ കാര്യാലയത്തിൽ ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തിയത് പ്രകാരം ശ്രീ. സാജിദ് വി.കെ. -നെയും, പരാതിക്കാരനായ ശ്രീ. ടി. കെ. അബൂബക്കറിനെയും നേരിൽ കേട്ട് പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ടിൽ, പരാതിക്കാരനായ ശ്രീ. ടി.കെ. അബൂബക്കറിന്റെയും, ശ്രീ. സാജിദ് വി.കെ. യുടെയും മൊഴികൾ പരിശോധിച്ചതിൽ ശ്രീ. സാജിദ് വി.കെ. കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ ജോലി നൽകാമെന്ന് വാഗ്ദാനം നൽകി പരാതിക്കാരനായ ശ്രീ. ടി.കെ. അബൂബക്കറിൽ നിന്നും മുപ്പത്തിമൂന്ന് ലക്ഷം രൂപ വാങ്ങിയതായി സമ്മതിച്ചിട്ടുള്ളതായും, ദേവസ്വം ബോർഡിൽ ജോലി വാഗ്ദാനം ചെയ്ത് ശ്രീ. രാഘവൻ എന്നയാളിൽ നിന്ന് അഞ്ച് ലക്ഷം രൂപ വാങ്ങിയതായും ആയതിൽ എലത്തൂർ പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 622/2022 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി സമ്മതിച്ചിട്ടുള്ളതായും, പരാതിക്കാരനും, ടിയാനും തമ്മിൽ വാങ്ങിയ തുക സംബന്ധിച്ചാണ് അഭിപ്രായവ്യത്യാസം ഉള്ളതെന്നും, തുക വാങ്ങിയത് സംബന്ധിച്ച് നോട്ടറി മുൻപാകെ സാക്ഷ്യപ്പെടുത്തിയ എഗ്രിമെന്റിന്റെ പകർപ്പ് പരാതിക്കാരൻ ഹാജരാക്കിയിട്ടുള്ളതായും, ശ്രീ. സാജിദ് വി.കെ. ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ നിന്ന് 07/02/2023 അപരാഹ്നത്തിൽ ആകസ്മിക അവധിക്കും, 08/02/2023 മുതൽ 17/02/2023 വരെ അർദ്ധവേതനാവധിക്കും അപേക്ഷ നൽകിയെങ്കിലും അവധി അംഗീകരിച്ചിട്ടില്ലെന്നും,

ടിയാൻ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നുവരികയാണെന്നും, ടി വസ്തുതകൾ പരിശോധിച്ചതിൽ സർക്കാർ ഉദ്യോഗസ്ഥൻ പാലിക്കേണ്ട ഉയർന്ന ധാർമികതയും, മൂല്യബോധവും, മാതൃകാപരവുമായ പ്രവർത്തനങ്ങളുമല്ല ടിയാന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളതെന്നും 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുമായി ബന്ധപ്പെട്ട 6, 16, 42A, 48, 49, 51 എന്നിവ ടിയാൻ ലംഘിച്ചതായും അഴിമതി നിരോധന നിയമ പ്രകാരമുള്ളതും, ക്രിമിനൽ നിയമ പ്രകാരമുള്ളതുമായ കുറ്റങ്ങൾ ചെയ്തതായി ടിയാന്റെ മൊഴിയിൽ നിന്ന് വ്യക്തമാണെന്നും, കൂടാതെ ടിയാൻ വിശ്വാസ വഞ്ചന, പണാപഹരണം, തട്ടിപ്പ്, എന്നിങ്ങനെയുള്ള ഗുരുതരമായ കൃത്യവിലോപം നടത്തിയിട്ടുണ്ടെന്നും ഇന്റേണൽ വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

മേൽ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സാജിദ് വി.കെ. കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ ജോലി വാങ്ങി നൽകാമെന്ന് വാഗ്ദാനം നൽകി ശ്രീ. ടി.കെ. അബൂബക്കർ, ഉന്നം കണ്ടിയിൽ ഹൌസ് എന്നവരിൽ നിന്നും മുപ്പത്തിമൂന്ന് ലക്ഷം രൂപ വാങ്ങിയതായും ആയത് രേഖാമൂലം നൽകിയ മൊഴിയിൽ സമ്മതിച്ചിട്ടുള്ളതിനാലും, ദേവസ്വം ബോർഡിൽ ജോലി വാങ്ങി നൽകാമെന്ന് വാഗ്ദാനം നൽകി ശ്രീ. രാഘവൻ, എലത്തൂർ എന്നവരിൽ നിന്നും അഞ്ച് ലക്ഷം രൂപ വാങ്ങിയതായും ആയത് രേഖാമൂലം നൽകിയ മൊഴിയിൽ സമ്മതിച്ചിട്ടുള്ളതിനാലും, 07/02/2023 അപരാഹ്നത്തിൽ ആകസ്മിക അവധിക്കും, 08/02/2023 മുതൽ 17/02/2023 വരെ അർദ്ധവേതനാവധിക്കും അപേക്ഷ നൽകിയെങ്കിലും അവധി അനുവദിച്ചിട്ടില്ലാത്തതും. ടി അവധി അനുവദിക്കാതിരിക്കുമ്പോൾ തന്നെ 18/02/2023 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന് വരുന്നതിനാലും, സർക്കാർ ഉദ്യോഗസ്ഥൻ പാലിക്കേണ്ട ഉയർന്ന ധാർമികതയും, മൂല്യബോധവും മാതൃകാപരവുമായ പ്രവർത്തനങ്ങളല്ല ശ്രീ. സാജിദ് വി.കെ. യുടെ ഭാഗത്തു നിന്നുണ്ടായതെന്ന് വ്യക്തമായിട്ടുള്ളതിനാലും, 1960ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുമായി ബന്ധപ്പെട്ട് ചട്ടം 6, 16, 42 A, 48, 49, 51 എന്നീ ചട്ടങ്ങൾ ശ്രീ. സാജിദ് വി.കെ. ലംഘിച്ചിട്ടുള്ളതായും, അഴിമതി നിരോധന നിയമപ്രകാരമുള്ളതും ക്രിമിനൽ നിയമപ്രകാരമുള്ളതുമായ കുറ്റങ്ങൾ ചെയ്തതായി ശ്രീ. സാജിദ് വി.കെ. നൽകിയിട്ടുള്ള മൊഴിൽ നിന്ന് വ്യക്തമായിട്ടുള്ളതിനാലും, സമൂഹത്തിനാകെ മാതൃകയാകേണ്ട സർക്കാർ ഉദ്യോഗസ്ഥനായ ശ്രീ. സാജിദ് വി.കെ. അപ്രകാരം പ്രവർത്തിക്കാതെ മേൽ വിവരിച്ച പ്രകാരമുള്ള വ്യാജ വാഗ്ദാനങ്ങൾ നൽകി വിശ്വാസ വഞ്ചന, പണാപഹരണം, തട്ടിപ്പ് എന്നിങ്ങനെയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ നടത്തി തദ്ദേശസ്വയംഭരണ വകുപ്പിനും, സർക്കാരിനും അവമതിപ്പുണ്ടാക്കുകയും, ഗുരുതരമായ അച്ചടക്കലംഘനം, കൃത്യവിലോപം, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനം എന്നിവ നടത്തിയിട്ടുള്ളതായും ടി കുറ്റങ്ങൾക്ക് ശ്രീ. സാജിദ് വി.കെ. ഉത്തരവാദിയാണെന്ന് കണ്ട് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും വിധം പരാമർശം (4) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകി ടിയാനെതിരെ അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി. ആയതിൽ ടിയാനെതിരായിട്ടുള്ള കുറ്റാരോപണങ്ങൾ ചുവടെ ചേർക്കുന്നു.

- ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കി വരവേ ശ്രീ. വി.കെ. സാജിദ് കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ ജോലി വാങ്ങി നൽകാമെന്ന് വാഗ്ദാനം നൽകി ശ്രീ. ടി.കെ. അബൂബക്കർ എന്നവരിൽ നിന്നും ശ്രീ. വി.കെ. സാജിദ് മുപ്പത്തിമൂന്ന് ലക്ഷം രൂപ വാങ്ങിയതായും ആയത് രേഖാമൂലം നൽകിയ മൊഴിയിൽ സമ്മതിച്ചിട്ടുള്ളതുമാണ്. ആയത് ഗുരുതരമായ അച്ചടക്ക ലംഘനവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനവുമാണ്.
- ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കി വരവേ ശ്രീ. വി.കെ. സാജിദ് ദേവസ്വം ബോർഡിൽ ജോലി വാങ്ങി നൽകാമെന്ന് വാഗ്ദാനം നൽകി ശ്രീ.രാഘവൻ, എലത്തൂർ എന്നവരിൽ നിന്നും അഞ്ച് ലക്ഷം രൂപ വാങ്ങിയതായും ആയത് രേഖാമൂലം നൽകിയ മൊഴിയിൽ

സമ്മതിച്ചിട്ടുള്ളതുമാണ്. ആയത് ഗുരുതരമായ അച്ചടക്ക ലംഘനവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനവുമാണ്.

- ശ്രീ. വി.കെ. സാജിദ് ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ നിന്നും 07.02.2023 അപരാഹ്നത്തിൽ ആകസ്മിക അവധിക്കും, 08.02.2023 മുതൽ 17.02.2023 വരെ അർദ്ധവേതനാവധിക്കും അപേക്ഷ നൽകിയെങ്കിലും അവധി അനുവദിച്ചിട്ടില്ലാത്തതാണ്. ടി അവധി അനുവദിക്കാതിരിക്കുമ്പോൾ തന്നെ 18.02.2023 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന് വരുന്നു.
- സർക്കാർ ഉദ്യോഗസ്ഥൻ പാലിക്കേണ്ട ഉയർന്ന ധാർമികതയും മൂല്യബോധവും മാതൃകാപരവുമായ പ്രവർത്തനങ്ങളല്ല ശ്രീ. വി.കെ. സാജിദിന്റെ ഭാഗത്തു നിന്നുണ്ടായതെന്ന് വ്യക്തമായിട്ടുള്ളതാണ്.
- 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുമായി ബന്ധപ്പെട്ട് ചട്ടം 6, 16, 42എ, 48, 49, 51 ശ്രീ. വി.കെ. സാജിദ് ലംഘിച്ചതായും, അഴിമതി നിരോധന നിയമപ്രകാരമുള്ളതും ക്രിമിനൽ നിയമപ്രകാരമുള്ളതുമായ കുറ്റങ്ങൾ ചെയ്തതായി ശ്രീ. വി.കെ. സാജിദ് നൽകിയിട്ടുള്ള മൊഴിൽ നിന്ന് വ്യക്തമായിരിക്കുന്നു.

പരാമർശം (4) പ്രകാരമുള്ള കുറ്റാരോപണ മെമ്മോ/പത്രിക ശ്രീ. സാജിദ് വി.കെ. -യ്ക്ക നൽകി കൈപ്പറ്റ് പകർപ്പും, എതിർവാദപത്രികയും ആയതിന്മേലുള്ള അഭിപ്രായ റിപ്പോർട്ടും ലഭ്യമാക്കുന്നതിന് പരാമർശം (5) പ്രകാരം കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം ശ്രീ. സാജിദ് വി.കെ., കുറ്റാരോപണ മെമ്മോ/പത്രിക 15/01/24 തീയതിയിൽ കൈപ്പറ്റിയെങ്കിലും ടിയാനിൽ നിന്ന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്ന് പരാമർശം (6) പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കുറ്റാരോപണ മെമ്മോ/പത്രികയിൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ ശ്രീ. സാജിദ് വി.കെ. യുടെ എതിർവാദപത്രിക ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിലും പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമായതിനാൽ, ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം (7) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (8) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിൽ ശ്രീ. സാജിദ് വി.കെ. സ്പൈസസ് ബോർഡ് ഓഫീസിൽ ജോലി വാങ്ങി കൊടുക്കാം എന്ന വാഗ്ദാനം നൽകി ശ്രീ. ടി.കെ. അബൂബക്കർ, തുന്നം കണ്ടിയിൽ ഹൌസ്, മടവൂർ പി.ഒ. എന്നവരിൽ നിന്നും മുപ്പത്തിമൂന്ന് ലക്ഷം രൂപ വാങ്ങിയെന്ന് അംഗീകരിച്ച് മൊഴി നൽകി. കൂടാതെ ദേവസ്വം ബോർഡിൽ ജോലി വാങ്ങി നൽകാമെന്ന് വാഗ്ദാനം നൽകി ശ്രീ. രാഘവൻ, എലത്തൂർ എന്നവരിൽ നിന്നും അഞ്ച് ലക്ഷം രൂപ വാങ്ങിയതായും ശ്രീ. സാജിദ് വി.കെ. തന്നെ മൊഴി നൽകിയിട്ടുണ്ട്. 08/02/2023 മുതൽ 17/02/2023 വരെ അവധിക്ക് അപേക്ഷിച്ചിരുന്നെങ്കിലും അവധി അനുവദിച്ചിട്ടില്ല എന്നത് ബോധ്യമുണ്ടായിരിക്കെ, അവധി ഒരവകാശമായി കാണാനാവില്ല എന്ന വസ്തുത നിലനിൽക്കെ, 07/02/2023 ന് ശേഷം ശ്രീ. സാജിദ് വി.കെ. ജോലിയ്ക്ക് ഹാജരായിട്ടില്ല. നിലവിലും ശ്രീ. സാജിദ് വി.കെ. അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നു. ശ്രീ. സാജിദ് വി.കെ. യ്ക്കെതിരായി കോഴിക്കോട് സിറ്റി എലത്തൂർ പോലീസ് സ്റ്റേഷനിലെ 0622/2022 നമ്പർ പ്രഥമ വിവര റിപ്പോർട്ട് പ്രകാരം ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്, കൊയിലാണ്ടി കോടതിയിൽ CNR KLK220016072023 നമ്പർ കലണ്ടർ കേസ് നടന്നു വരുന്നതായും STNo.2361/23 പ്രകാരം ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്, കുന്ദമംഗലം കോടതിയിൽ CNR Number-

KLKK170027442023 നമ്പർ ക്രിമിനൽ മിസല്ലേനിയസ് പെറ്റീഷൻ കേസ് നടന്നുവരുന്നതായും ബോധ്യപ്പെട്ടിട്ടുള്ളതായി ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സമൂഹത്തിനാകെ മാതൃകയാകേണ്ട സർക്കാർ ഉദ്യോഗസ്ഥനായ ശ്രീ. സാജിദ് വി.കെ. അപ്രകാരം പ്രവർത്തിക്കാതെ വ്യാജ വാഗ്ദാനങ്ങൾ നൽകി വിശ്വാസ വഞ്ചന, പണാപഹരണം, തട്ടിപ്പ് എന്നിങ്ങനെയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ നടത്തി തദ്ദേശസ്വയംഭരണ വകുപ്പിനും, സർക്കാരിനും അവമതിപ്പുണ്ടാക്കുകയും, ചട്ടലംഘനം, കൃത്യവിലോപം, സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനം എന്നീ കുറ്റങ്ങൾക്ക് ഉത്തരവാദിയാണെന്ന് അന്വേഷണത്തിന്റെയും, ലഭ്യമായ വസ്തുതകളുടെയും അടിസ്ഥാനത്തിൽ കാണുന്നതായും, കുറ്റാരോപണമെമ്മോയിലെ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ ശ്രീ. സാജിദ് വി.കെ. സമ്മതിച്ചിട്ടുള്ളതായും, ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ ശിക്ഷാർഹമാണെന്ന് ശ്രീ. സാജിദ് വി.കെ. യ്ക്ക് പൂർണ്ണബോധ്യമുള്ളതായും, ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾക്ക് കാരണക്കാരനാണെന്ന് ബോധ്യപ്പെടുന്നതിനാൽ ശ്രീ. സാജിദ് വി.കെ. യ്ക്കെതിരായി കുറ്റാരോപണ മെമ്മോയിലെ ഉചിതമായ ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥനായ ജില്ലാ ജോയിന്റ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

പരാമർശം (8) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സാജിദ് വി.കെ. യ്ക്കെതിരെയുള്ള അച്ചടക്കനടപടിയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുന്നതിനായി പരാമർശം (9) പ്രകാരം ഹിയറിംഗ് നോട്ടീസ് നൽകിയിട്ടുള്ളതും 23/05/2024 തീയതി ടിയാനെ നേരിൽ കേട്ടിട്ടുള്ളതുമാണ്. നേർവിചാരണ വേളയിൽ സാമ്പത്തിക ഇടപാടുകൾ നേരിട്ട് നടത്തിയിരുന്നതല്ലെന്നും ആയതിൽ സാക്ഷിയായതിന്റെ പേരിൽ ഓഫീസിലും, വീട്ടിലും വന്ന് പ്രശ്നമുണ്ടാക്കുകയും ബലമായി രേഖകൾ എഴുതി വാങ്ങിയതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ വ്യാജ പരാതി നൽകിയതാണെന്നും, അവധി അപേക്ഷ സമർപ്പിച്ചിരുന്നതായും അവധി അനുവദിച്ചിരുന്നില്ലെന്നും, ചില ആരോഗ്യപരമായ കാരണങ്ങളാണ് അവധിയിൽ പ്രവേശിച്ചതെന്നും, ഏക വരുമാനമാർഗ്ഗം ശമ്പളം മാത്രമാണെന്നും ടി വിഷയത്തിൽ മാപ്പ് നൽകണമെന്നും, സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്നും പരാമർശം (10) പ്രകാരം ശ്രീ. സാജിദ് വി.കെ. അപേക്ഷിച്ചിരുന്നു.

ജില്ലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട്, നേർവിചാരണ വേളയിൽ പരാമർശം (10) പ്രകാരം ശ്രീ. സാജിദ് വി.കെ. നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റ് എന്നിവ വിശദമായി പരിശോധിക്കുകയുണ്ടായി. ഔപചാരികാന്വേഷണത്തിന്റെ ഭാഗമായി ശ്രീ. സാജിദ് വി.കെ. നൽകിയിട്ടുള്ള മൊഴിയിൽ കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്നും, കൂടുതലായി ഒന്നും പറയാനില്ലെന്നും, ആയതുകൊണ്ടാണ് എതിർവാദപത്രിക നൽകാതിരുന്നതെന്നും, ശ്രീ. അബൂബക്കറിൽ നിന്ന് സ്പൈസസ് ബോർഡിൽ ജോലി വാഗ്ദാനം ചെയ്ത് മുപ്പത്തിമൂന്ന് ലക്ഷം രൂപ വാങ്ങിയിരുന്നതായും, തുക തിരിച്ച് കൊടുത്തിട്ടില്ലെന്നും, ആയത് സംബന്ധിച്ച് കുന്ദമംഗലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ശ്രീ. രാഘവനിൽ നിന്ന് ദേവസ്വം ബോർഡിൽ ജോലി വാഗ്ദാനം നൽകി അഞ്ച് ലക്ഷം രൂപ വാങ്ങിയിരുന്നുവെന്നും, കൈപ്പറ്റിയ തുകയ്ക്ക് ടിയാൻ ചെക്ക് നൽകിയിരുന്നുവെന്നും ഇതു സംബന്ധിച്ച് എലത്തൂർ പോലീസ് സ്റ്റേഷനിൽ കേസ് നിലവിലുണ്ടെന്നും സ്റ്റേഷൻ ജാമ്യം എടുത്തിട്ടുള്ളതാണെന്നും, അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതായും, സർക്കാർ ഉദ്യോഗസ്ഥൻ പാലിക്കേണ്ട ഉയർന്ന ധാർമ്മികതയും, മൂല്യബോധവും, മാതൃകാപരവുമായ പ്രവർത്തനങ്ങളുമല്ല ടിയാന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളതെന്ന് അംഗീകരിക്കുന്നതായും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ട ലംഘനം ഉണ്ടായിട്ടുണ്ട് എന്നുള്ളത് അംഗീകരിക്കുന്നതായും, കുറ്റം ചെയ്തതായി ബോധ്യമുണ്ടെന്നും, ആരോപണം അംഗീകരിക്കുന്നതായും, കൂടുതലായി

സ്റ്റേറ്റ്മെന്റോ, തെളിവുകളോ, രേഖകളോ, സാക്ഷികളെയോ ഹാജരാക്കാനില്ലെന്നും ശ്രീ. സാജിദ് വി.കെ. ബോധിപ്പിച്ചിട്ടുള്ളതാണ്.

മേൽ വസ്തുതകൾ പരിശോധിക്കുമ്പോൾ 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ കടുത്ത ലംഘനം ശ്രീ. സാജിദ് വി.കെ. നടത്തിയതായി ബോധ്യപ്പെടുന്നു. ടി ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം യാതൊരു സർക്കാർ ജീവനക്കാരനും സർക്കാറിന്റെ മുൻകൂർ അനുവാദമില്ലാതെ തനിക്കു വേണ്ടിയോ മറ്റൊരാളിനുവേണ്ടിയോ നേരിട്ടോ നേരിട്ടല്ലാതെയോ താനോ തൻറെ കുടുംബത്തിലെ മറ്റേതെങ്കിലും ഒരംഗമോ തൻറെ ബന്ധുവല്ലാത്ത ഒരാളിൽ നിന്നും എന്തെങ്കിലും പാരിതോഷികമോ ഔദാര്യമോ ബഹുമതി പ്രതിഫലമോ സ്വീകരിക്കുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതേ ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം പ്രതിപ്പാദിച്ചിട്ടുള്ള കടം കൊടുക്കലും, കടമെടുക്കലും ചട്ടങ്ങളിൽ സർക്കാർ ജീവനക്കാരൻ അധികാരപരിധിക്കുള്ളിലെ പ്രദേശത്തുള്ള ഏതെങ്കിലും ആളുമായോ സാമ്പത്തിക കടപ്പാട് ഉണ്ടാക്കുവാൻ പാടില്ലാത്തതാകുന്നു എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ജോലി വാഗ്ദാനം നടത്തി 38 ലക്ഷം രൂപ രണ്ട് വ്യക്തികളിൽ നിന്നും കൈപ്പറ്റിയത് ടി പെരുമാറ്റചട്ടങ്ങളിലെ ചട്ടം 6, ചട്ടം 16 എന്നിവയുടെ ലംഘനവും കുറ്റപത്രത്തിലെ ശ്രീ. സാജിദ് വി.കെ. ക്കെതിരായ ആരോപണങ്ങളെ സാധൂകരിക്കുന്നതുമാണ്.

കേന്ദ്ര പൊതുമേഖലസ്ഥാപനത്തിലും ദേവസ്വം ബോർഡിലും ജോലി വാഗ്ദാനം ചെയ്ത് മുപ്പത്തിയെട്ടു ലക്ഷം രൂപ വാങ്ങിയതായി ശ്രീ. സാജിദ് വി.കെ. 25.08.2023-നു കോഴിക്കോട് ഇന്റേർണൽ വിജിലൻസ് ഓഫീസർ മുമ്പാകെയുള്ള മൊഴിയിലും ഔപചാരിക അന്വേഷണ വേളയിലും സമ്മതിച്ച് രേഖാമൂലം എഴുതി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ കാര്യാലയത്തിൽ 23.05.2024-നു നടന്ന നേർക്കാഴ്ചയിൽ ശ്രീ. സാജിദ് വി. കെ. യിൽ നിന്നും ബലമായി രേഖകൾ എഴുതി വാങ്ങിയതാണെന്നും വ്യാജ പരാതിയാണെന്നും അറിയിച്ചിരുന്നു. എന്നാൽ വ്യാജ രേഖകളെപ്പറ്റി ശ്രീ. സാജിദ് വി.കെ. മുമ്പൊന്നും ഇത്തരം ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതും ഹിയറിംഗ് വേളയിൽ ആയത് സാധൂകരിക്കുന്ന തെളിവുകൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്. ടി സാഹചര്യത്തിൽ ശ്രീ. സാജിദ് വി.കെ., കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 42A പ്രകാരവും ശ്രീ. സാജിദ് വി.കെ. ക്കെതിരെ നൽകിയ കുറ്റപത്രത്തിലെ ആദ്യ രണ്ട് നടപടി ദൂഷ്യത്തിന് അപരാധിയാണെന്ന് ബോധ്യപ്പെടുന്നു. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 49 പ്രകാരം, ഒരു കേരള സർക്കാർ ജീവനക്കാരൻ തന്റെ തൊട്ടടുത്ത മേലധികാരിയുടെ അനുമതിയില്ലാതെയോ, അല്ലെങ്കിൽ മദ്ധ്യസ്ഥനെ നിയമിക്കുവാൻ അധികാരമുള്ള ഒരു കോടതി, ആ വിധം പ്രവർത്തിക്കുവാൻ അയാളെ നിർദ്ദേശിക്കുന്നില്ലെങ്കിലോ, യാതൊരു കാരണവശാലും ഒരു മദ്ധ്യസ്ഥനായി പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നുവെന്ന വ്യവസ്ഥ ശ്രീ. സാജിദ് വി.കെ. ലംഘിച്ചതായി ടിയാന്റെ മൊഴികളിൽ നിന്നും രേഖകളിൽ നിന്നും ബോധ്യപ്പെടുന്നു. ടി ചട്ടങ്ങളിലെ ചട്ടം 51 പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ പതിവായ ഋണബാദ്ധ്യത ഒഴിവാക്കേണ്ടതാണെന്നുള്ള വ്യവസ്ഥയും ശ്രീ. സാജിദ് വി.കെ. ലംഘിച്ചിട്ടുള്ളതാണ്.

കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 1 ചട്ടം 65-ൽ അവധി, ഒരവകാശമായി അവകാശപ്പെടാവുന്നതല്ലെന്നിരിക്കെ ശ്രീ. സാജിദ് വി.കെ. സ്ഥാപനമേധാവിയിൽ നിന്നും മുൻകൂട്ടിയുള്ള അവധി അനുമതി ഉത്തരവ് നേടാതെ, അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചത് ചട്ടലംഘനവും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും തെളിവായി വിലയിരുത്തുന്നു. കൂടാതെ സർക്കാരിനും, വകുപ്പിനും അവമതിപ്പ് ഉണ്ടാക്കുന്ന തരത്തിൽ ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യത്തിൽ ഏർപ്പെടുക തുടങ്ങിയ ആരോപണങ്ങളെല്ലാം സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. പരാമർശം (10) പ്രകാരം ശ്രീ. സാജിദ് വി.കെ. നേർവിചാരണ വേളയിൽ നൽകിയ മൊഴി, രേഖകളുടെ അടിസ്ഥാനത്തിലും മുൻപ് പ്രാഥമിക ഔപചാരിക അന്വേഷണ വേളയിൽ ടിയാൻ

തന്നെ നൽകിയ രേഖാമൂലമുള്ള മൊഴികളുടെ അടിസ്ഥാനത്തിലും ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 15 പ്രകാരം ആരംഭിച്ചിട്ടുള്ള അച്ചടക്കനടപടി 1960ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 11 (1) (vii) പ്രകാരം ശ്രീ. സാജിദ് വി.കെ. യെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ച് പരാമർശം (11) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

ശ്രീ. സാജിദ് വി.കെ. യ്ക്കുള്ള നോട്ടീസ് രജി.തപാലിൽ അയച്ചതിന്റെ സ്റ്റാമ്പ് അക്കൌണ്ട് രജിസ്റ്റർ പകർപ്പ്, അക്നോളഡ്ജ്മെന്റ് പകർപ്പ് എന്നിവ സഹിതം പരാമർശം (12) പ്രകാരം ടിയാളുടെ കൈപ്പറ്റ കത്ത് ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ആയതിൽ ടിയാൻ മറുപടി ലഭ്യമാക്കിയിട്ടിയില്ലാത്ത വിവരം. സൂചിപ്പിച്ചിരുന്നു. പരാമർശം (11) നോട്ടീസിന് ടിയാനിൽ നിന്നും മറുപടി ലഭ്യമാക്കുന്നതിന് സമയപരിധി അവസാനിച്ചിട്ടില്ലാത്ത വിവരവും മറുപടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുമായി പരാമർശം (13) പ്രകാരം കത്ത് അയച്ചിരുന്നു. ആയതിൽ ടിയാന് മറുപടി നൽകുന്നതിന് പതിനഞ്ച് ദിവസത്തെ സാവകാശം ലഭ്യമാക്കുന്നതിന് പരാമർശം (14) പ്രകാരം ടിയാൻ ഈ കാര്യാലയത്തിൽ നേരിട്ട് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരാമർശം (14), പരാമർശം (15) എന്നിവയുടെ അടിസ്ഥാനത്തിൽ ടിയാന് പരാമർശം (16) പ്രകാരം 20/08/2024 വരെ സമയപരിധി ദീർഘിപ്പിച്ച നൽകിയിരുന്നു. 20/08/2024 തീയതിയിൽ ശ്രീ. സാജിദ് വി.കെ. ഈ കാര്യാലയത്തിൽ നേരിട്ട് കാരണം കാണിക്കൽ നോട്ടീസിനു ചുവടെ പറയും പ്രകാരം വിശദീകരണം നൽകുകയുണ്ടായി.

*''കോഴിക്കോട് ജില്ലയിൽ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കി വരുന്ന താങ്കൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ ജോലി ലഭ്യമാക്കിതരാമെന്ന് വാഗ്ദാനം നൽകി. ടി. കെ. അബൂബക്കർ, തുന്നംകണ്ടിയിൽ ഹൗസ്, മടവൂർ പി.ഒ. എന്നയാളിൽ നിന്ന് 33,00,000 രൂപയും, ദേവസ്വം ബോർഡിൽ ജോലി വാങ്ങി നൽകാമെന്ന് വാഗ്ദാനം നൽകി രാഘവൻ, എലത്തൂർ എന്നയാളിൽ നിന്നും 5,00,000 രൂപയും വാങ്ങിയത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനമാണ്. ഇതോടൊപ്പം അവധി അപേക്ഷ സമർപ്പിക്കാതെ 08-02-2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതെ കഴിയുകയാണെന്നും മറ്റുമാണ് No. LSGD/PD/42706/2023/VIG D4 dt. 24-10-2023 പ്രകാരമുള്ള കുറ്റപത്രത്തിലെ ആരോപണം.*

*ടി സംഗതിയിൽ നടത്തിയ അന്വേഷണ വിചാരണയ്ക്ക് ശേഷം മേൽ നമ്പറായി ബഹു: Kozhikode District Joint Director അവർകൾ No. LSGD/JD/KKD/5582/2023/A14 dt. 06-05-2024 പ്രകാരം ഒരു റിപ്പോർട്ട് സമർപ്പിച്ചതായി മേൽ ഉത്തരവ് റഫ. (8) ൽ പരാമർശിച്ചിട്ടുണ്ട്. ആയതിനെ തുടർന്നാണ് എനിക്ക് മേൽപ്പറഞ്ഞ കാരണം കാണിക്കൽ നോട്ടീസ് അങ്ങ് തരാൻ ഇടയായത്.*

*നിയമവിധേയമല്ലാത്ത നടപടിക്രമങ്ങൾ അച്ചടക്കനടപടിക്ക് ആധാരം Manual For disciplinary Proceedings ആണ്. ടി സംഗതി Statutory ആണെന്ന് ബഹു: കേരളാ ഹൈക്കോടതിയിലെ Hon. Justice P.N. Raveendran WP(C) 30831/2012 8 10-04-2013 ൽ പറഞ്ഞ വിധിന്യായം 2013 KHC 2755 ലൂടെ വ്യക്തമാക്കിയിട്ടുണ്ട്.*

*ഡിപ്പാർട്ട്മെന്റ് എൻക്വയറി നടത്തേണ്ടത് താഴെ പറയുന്ന പ്രകാരമാണ്.*

*PARA 21. MDP "WHEN THE DELINQUENT GOVERNMENT SERVANT APPEARS FOR THE FORMAL ENQUIRY THE INQUIRING AUTHORITY SHALL PUT THE FOLLOWING QUESTION WHICH, WITH ITS ANSWERS AND ALL FURTHER QUESTIONS AS NOTED BELOW AND THEIR ANSWERS, SHALL BE*

*RECORDED IN WRITING ON AN "ORAL INQUIRY FILE"*

*"YOU HAVE RECEIVED A COPY OF THE CHARGE (OR CHARGES) AND THE STATEMENT OF ALLEGATIONS IN SUPPORT OF THE CHARGE (OR CHARGES) AND SUBMITTED YOUR WRITTEN EXPLANATION. HAVE YOU ANYTHING FURTHER TO ADD BEFORE I PROCEED WITH THIS ORAL INQUIRY?"*

*Para 29 MDP "WHEN THE PROSECUTION EVIDENCE IN THE ORAL INQUIRY IS OVER THE DEFENCE EVIDENCE WILL BE TAKEN. THE INSTRUCTIONS IN RULE 15(8) OF THE KERALA CIVIL SERVICE (CLASSIFICATION, CONTROL AND APPEAL) RULES, 1960 SHALL BE STRICTLY FOLLOWED. THE INQUIRY AUTHORITY WILL ASK THE GOVERNMENT SERVANT, THE FOLLOWING QUESTION, WHICH WILL BE RECORDED TOGETHER WITH ITS ANSWER, IN THE "ORAL INQUIRY FILE" PRESCRIBED IN PARAGRAPH 21.*

*YOU HAVE HEARD THE EVIDENCE AGAINST YOU. HAVE YOU ANY WITNESSES YOU WISH TO HAVE EXAMINED IN YOUR DEFENCE AND ANY DOCUMENTS YOU WISH TO BE PRODUCED?"*

*Para 35 MDP "HAVING COMPLETED THE DEFENCE, THE INQUIRING AUTHORITY SHALL CONTINUED TO RECORD IN THE ORAL ENQUIRY FILE PRESCRIBED IN PARAGRAPH 21 AS FOLLOWS:-*

*YOUR DEFENCE WITNESSES HAVE BEEN EXAMINED AND SUCH - DOCUMENTS, AND YOU REQUIRED; (EXCEPT..... NOT EXAMINED OR PRODUCED DUE TO..... HAVE BEEN PRODUCED AND EXHIBITED. HAVE YOU ANYTHING FURTHER TO REQUEST OR SAY. YOU MAY PUT IN, IF YOU DESIRE, A FURTHER WRITTEN STATEMENT OF DEFENCE".*

*ഇപ്രകാരം ഒരു പ്രക്രിയ നടന്നിട്ടില്ല. എന്നെ ഔപചാരിക അന്വേഷണത്തിനായി അദ്ദേഹം വിളിപ്പിച്ചു. തുടർന്ന് എന്നോട് ആരോപിത കുറ്റത്തെ കുറിച്ച് ഒൻപത് ചോദ്യം ചോദിക്കുകയും ഉത്തരം പറയാൻ നിർബന്ധിക്കുകയും എന്നെ ഭയപ്പെടുത്തി ഏതാനും പേപ്പറുകളിൽ എഴുതി ഒപ്പ വാങ്ങുകയും ഉണ്ടായി. അച്ചടക്കനടപടിയെ കുറിച്ച് എനിക്ക് പരിജ്ഞാനം ഇല്ലാത്തതിനാലും ഉയർന്ന മേലധികാരി ആയതിനാൽ ഭയത്തോടുകൂടി ഞാൻ അദ്ദേഹത്തിന്റെ നിർദ്ദേശം അനുസരിച്ച് അദ്ദേഹം പറയുന്ന സ്ഥലത്ത് ഒപ്പിട്ടുകൊടുക്കുകയും അദ്ദേഹം പറയുന്നതുപോലെ എഴുതി കൊടുക്കുകയും ആണ് ഉണ്ടായിട്ടുള്ളത്. പിന്നീട് ടി കാര്യം സർവ്വീസിനെ കുറിച്ച് പരിജ്ഞാനം ഉള്ളവരെ കണ്ട് പറഞ്ഞ സമയത്താണ് നിയമവിധേയമല്ലാത്ത നടപടിക്രമങ്ങളാണ് ഇതുവരെ നടന്നത് എന്ന് ബോധ്യപ്പെട്ടത്.*

*ബഹു. സുപ്രീം കോടതിയിലെ HON. JUSTICE S.B. SINHA & CYRIAC JOSEPH ഉൾപ്പെട്ട Bench 19-12-2008 ൽ CA No. 7431/2008 കേസിൽ പറഞ്ഞ വിധിന്യായം 2009(2) SCC 570ൽ "DEPARTMENTAL ENQUIRY - HELD IS A QUASIJUDICIAL PROCEEDINGS" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് എനിക്ക് എതിരെ നടത്തിയ ഔപചാരിക അന്വേഷണത്തിൽ ഈ ഉത്തരവ് പാലിക്കപ്പെട്ടില്ല എന്ന് തെളിയുന്നു.*

*ബഹു. സുപ്രീം കോടതിയിലെ HON. JUSTICE R.V. RAVEENDRAN & D.SADASIVAM ഉൾപ്പെട്ട Bench. CA No. 4531/2007 കേസിൽ 13-08-2008 തീയതി പറഞ്ഞ വിധിന്യായം 2008 (8) SCC 236 ൽ "ENQUIRY OFFICER HIMSELF HAS ACTED ON THE INVESTIGATOR, PROSECUTOR AND JUDGE-ENQUIRY THEREFORE HELD BAD" എന്ന വ്യക്തമാക്കിയത്. നഗ്നമായി ലംഘിച്ചതായി എന്നോട് ചോദിച്ച 9 ചോദ്യങ്ങൾ തെളിയിക്കുന്നു. കൂടാതെ എന്നിൽ നിന്നു നിർബന്ധിച്ച് എഴുതി വാങ്ങിയ രേഖകളും ഇവിടെ ഔപചാരിക അന്വേഷണ വിചാരണ അധികാരി ഇപ്രകാരം നിയമവിധേയമല്ലാത്ത പ്രവർത്തികൾ ചെയ്തിട്ടാണ് ആരോപിത സംഗതി തെളിഞ്ഞതായി കണ്ടെത്തിയിരിക്കുന്നത്.*

*പിന്നീട് ശിക്ഷണ അധികാരി ആയ അങ്ങ് എന്നെ ശിക്ഷിക്കുന്നതിന് മുമ്പായി ബഹു: സുപ്രീം കോടതിയിലെ അഞ്ച് അംഗ ജഡ്ജ് പറഞ്ഞ വിധിന്യായം 1993 (4) SCC 727 ലും ബഹു: കേരളാ ഹൈക്കോടതിയിലെ ഡിവിഷൻ Bench ഉത്തരവ് 2022(4) KLT 93 ലും അച്ചടക്ക അധികാരി കുറ്റാരോപിതന് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് മുമ്പായി എൻക്വയറി റിപ്പോർട്ടിൻറെ പകർപ്പ് നൽകി. ആയതിൽ കുറ്റാരോപിതന് പറയാനുള്ളത് എന്താണെന്ന് കേട്ടിട്ടുവേണം കാരണം കാണിക്കൽ നോട്ടീസ് നൽകുവാൻ എന്ന് മേൽപ്പറഞ്ഞ രണ്ട് ഉത്തരവും ലംഘിക്കപ്പെട്ടിരിക്കുന്നു. ബഹു. സുപ്രീം കോടതിയിലെ HON. JUSTICE P. SADASIVAM & DR. B.S. CHOUHAN ഉൾപ്പെട്ട Bench CA No. 670/2006 കേസിൽ 08-03-2006 ൽ 2011 (4) SCC 234 ൽ "EVERY ACCUSED IS PRESUMED TO BE INNOCENT UNLESS HIS GUILT IS PROVED"*

*ബഹു: കോടതി മുമ്പാകെ നടന്നുവരുന്ന നടപടിയിൽ തീരുമാനം വരും മുൻപ് എന്നെ കുറ്റക്കാരനാക്കി തീർത്ത നടപടി സ്വഭാവികനീതിക്ക് എതിരാണ്. ആകയാൽ സമക്ഷത്തിങ്കൽ നിന്നും ദയവുണ്ടായി അങ്ങ് മേൽ നമ്പർ ഉത്തരവിൽ പറയുന്ന എനിക്ക് എതിരായ കടുത്ത ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് മുമ്പായി ബഹു: സുപ്രീം കോടതിയിലെ വിധിന്യായങ്ങൾ 1963 (3) SCC 775, AIR 2005 SC 4289 ബഹു. ഹൈക്കോടതി യിലെ 2005 (4) KLT 1034 എന്നിവയിലെ നിർദ്ദേശങ്ങൾ പരിശോധിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.മേൽ സംഗതിയിൽ അന്തിമ തീർപ്പിനു മുമ്പായി എന്നെ നേരിൽ കേൾക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു."*

ടിയാന്റെ മറുപടിയിൻമേലുള്ള റിപ്പോർട്ട് ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശം (17) പ്രകാരം ലഭ്യമാക്കിയിരുന്നു. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.10.2023 തീയതിയിലെ കാരണം കാണിക്കൽ നോട്ടീസ് ശ്രീ. സാജിദ് വി. കെ. യുടെ ലഭ്യമായ മേൽവിലാസത്തിൽ 06.11.2023 തീയതി രജി. തപാലിൽ അയച്ചുനൽകിയെങ്കിലും ആയത് വ്യക്തി നേരിട്ട് കൈപ്പറ്റിയിട്ടില്ല എന്നും പകരം സഫിയ എന്ന പേര് രേഖപ്പെടുത്തി ഒപ്പ് വെച്ച മടക്കതപാലാണ് ജില്ലാ കാര്യാലത്തിൽ ലഭിച്ചിരുന്നത് എന്നും അച്ചടക്കനടപടി നേരിടുന്ന വ്യക്തി കുറ്റാരോപണ മെമ്മോ കൈപ്പറ്റിയെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിക്കാത്തതിനാൽ ടിയാന്റെ മേൽവിലാസത്തിൽ കുറ്റാരോപണ മെമ്മോ നേരിട്ട് നൽകി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കുന്നതിന് ടി വിലാസം സ്ഥിതി ചെയ്യുന്ന പയ്യോളി നഗരസഭ സെക്രട്ടറിയെ 14.12.2023 തീയതി ചുമതലപ്പെടുത്തിയതിൽ കുറ്റാരോപണ മെമ്മോ വ്യക്തിക്ക് നേരിട്ട് നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയും തെളിവിനായി ടിയാന്റെ 15.01.2024 തീയതി വെച്ച് ഒപ്പ് രേഖപ്പെടുത്തിയ കൈപ്പറ്റ് പകർപ്പ് ലഭ്യമാകുകയും 01.03.2024 തീയതിയിലെ ഈ കാര്യാലയത്തിലെ കത്ത് സഹിതം സമർപ്പിചിരുന്നു എന്നും കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. സാജിദ് വി.കെ എന്നവർ ടി കാര്യാലയത്തിൽ യാതൊരു മറുപടിയും സമർപ്പിച്ചിരുന്നില്ല എന്നും കുറ്റാരോപണ മെമ്മോയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ ടിയാന്റെ എതിർവാദപത്രിക ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ 01.04.2024 തീയതിയിലെ ഉത്തരവ് പ്രകാരം ടി വിഷയത്തിൽ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിൻറ് ഡയറക്ടർ ശ്രീ. അരുൺ ടി.ജെ. യെ ചുമതലപ്പെടുത്തി എന്നും ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി ശ്രീ.

സാജിദ് വി.കെ. എന്നവരെ നേരിൽ കേൾക്കുന്നതിനായി ടിയാന്റെ വാദം സാധൂകരിക്കുന്നതിനുള്ള രേഖകൾ, സാക്ഷികൾ എന്നിവ സഹിതം 22.04.2024 തീയതി ഈ കാര്യാലയത്തിൽ നേരിട്ട് ഹാജരാകുന്നതിന് ശ്രീ. സാജിദ് വി.കെ. യ്ക്ക് 11.04.2024 തീയതിയിലെ അറിയിപ്പ് നൽകി എന്നും തുടർന്ന് ടിയാൻ 22.04.2024 തീയതി ജില്ലാ കാര്യാലയത്തിൽ ഹാജരായി മൊഴി നൽകി എന്നും ടി അവസരത്തിൽ ലിഖിതമായി മറുപടി നൽകി എന്നും ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ബോധിപ്പിച്ചിരുന്നു.

ശ്രീ. സാജിദ് വി.കെ. എന്നവർ കൈപ്പറ്റിയ കുറ്റാരോപണ മെമ്മോയ്ക്ക് ലിഖിതമായി യാതൊരു മറുപടിയോ വിശദീകരണമോ ജില്ലാ കാര്യാലയത്തിൽ സമർപ്പിക്കുകയോ അത്തരം മറുപടിയോ വിശദീകരണമോ പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ചതായി അറിയാൻ സാധിക്കുകയോ ഉണ്ടായിട്ടില്ല എന്നും ആയതിനാൽ (MDP) കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണനടപടി മാന്വൽ ഖണ്ഡിക 21 പ്രകാരമുള്ള ചോദ്യം പൂർണ്ണമായും രേഖപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് എന്നും കുറ്റാരോപണ മെമ്മോയ്ക്ക് യാതൊരു വിശദീകരണവും ടിയാൻ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആയതിലെ ആരോപണങ്ങൾ സംബന്ധിച്ച് ടിയാന് എന്താണ് ബോധിപ്പിക്കാനുള്ളത് എന്ന് അറിയേണ്ടത് അനിവാര്യമായതിനാൽ ആകെ ഒൻപത് ചോദ്യങ്ങൾ ചോദിക്കേണ്ടി വന്നു എന്നും ടി അവസരത്തിൽ ടിയാനെതിരായ അരോപണങ്ങൾ ഒന്നും തന്നെ ടിയാൻ നിഷേധിച്ചിട്ടില്ലാത്തതും ആരോപണം അംഗീകരിച്ച് മൊഴി പൂർണ്ണമായും വായിച്ച് ഒപ്പ് വെച്ചതുമാണ് എന്നും നേരിൽ കേൾക്കുന്നതിനുള്ള അറിയിപ്പിൽ ആവശ്യപ്പെട്ട പ്രകാരം യാതൊരു തെളിവോ, രേഖകളോ, സാക്ഷികളെയോ ശ്രീ. സാജിദ് വി.കെ. എന്നവർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ (MDP) കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണനടപടി മാന്വൽ ഖണ്ഡിക 29, 35 എന്നിവ പ്രകാരമുള്ള ചോദ്യങ്ങൾ ചോദിക്കേണ്ട അവസരമുണ്ടായിരുന്നില്ല എന്നും എന്നിരുന്നാലും ഒൻപതാമത് ചോദ്യമായി ടിയാനോട് കൂടുതലായി എന്തെങ്കിലും പറയാനുണ്ടോ എന്ന് ചോദിച്ചതിൽ തദവസരത്തിൽ ലിഖിതമായി ഒരു മറുപടി ഹാജരാക്കുന്നതായും അതിന് പുറമേ കൂടുതലായി സ്റ്റേറ്റ്മെന്റോ, തെളിവുകളോ, സാക്ഷികളോ ഹാജരാക്കാൻ ഇല്ലെന്ന് അറിയിക്കുകയും മൊഴി പൂർണ്ണമായും വായിച്ച് കേൾപ്പിച്ച് പകർപ്പ് നൽകുകയും ചെയ്തിട്ടുണ്ട് എന്നും ശ്രീ. സാജിദ് വി.കെ. എന്നവരുടെ 22.04.2024 തീയതിയിലെ മൊഴിയും 22.04.2024 തീയതിയിലെ ടിയാന്റെ ലിഖിതമായ മറുപടിയും സഹിതമാണ് 06.05.2024 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട് സഹിതം സമർപ്പിച്ചിട്ടുള്ളത് എന്നും കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സാജിദ് വി.കെ. നൽകിയ മറുപടിയിലെ അന്വേഷണ വിചാരണയിൽ "നിയമവിധേയമല്ലാത്ത നടപടിക്രമങ്ങൾ പാലിച്ചു" എന്നുള്ളത് അടിസ്ഥാനരഹിതമാണ് എന്നും ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചിരുന്നു. വിശ്വാസ വഞ്ചന, പണാപഹരണം, തട്ടിപ്പ് എന്നിങ്ങനെയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ നടത്തി, ചട്ടലംഘനം, കൃത്യവിലോപം, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനം എന്നിവ നടത്തി സർക്കാരിനും, വകുപ്പിനും അവമതിപ്പുണ്ടാക്കിയ ശ്രീ. സാജിദ് വി.കെ. യ്ക്കെതിരെ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ജില്ലാ ജോയിൻറ് ഡയറക്ടർ പരാമർശം (17) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

ശ്രീ. സാജിദ് വി.കെ. യുടെ വിശദീകരണത്തിൽ ടിയാനെ നേരിൽ കേൾക്കുന്നതിനു അപേക്ഷിച്ച സാഹചര്യത്തിൽ 15/10/2024 തീയതിയിൽ നേരിൽ കേൾക്കുന്നതിന് ഹാജരാകുന്നതിന് പരാമർശം (18) പ്രകാരം അറിയിപ്പ നൽകിയിരുന്നു. ആയതു പരാമർശം (19) പ്രകാരം ടിയാൻ കൈപ്പറ്റിയതിൽ പരാമർശം (20) പ്രകാരം 15/10/2024 തീയതിയിലെ ശ്രീ. സാജിദ് വി.കെ. യുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ സഹിതമുള്ള കത്ത് ജില്ലാ ജോയിന്റ് ഡയറക്ടർ അയച്ചിരുന്നു. ടിയാന് ശാരീരിക ബുദ്ധിമുട്ട് ഉള്ളതിനാൽ നേരിൽ കേൾക്കുന്നതിന് എത്തിച്ചേരാൻ ബുദ്ധിമുട്ട് ഉണ്ടെന്നും അടുത്ത തീയതി അറിയിക്കണമെന്നും ടി അപേക്ഷയിൽ ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

ശ്രീ. സാജിദ് വി.കെ. യ്ക്കെതിരെയുള്ള ശിക്ഷാനടപടിയിൽ അന്തിമ തീർപ്പുകൽപ്പിക്കുന്നതിന് മുമ്പായി ടിയാനെ ഒന്നുകൂടി നേരിൽ കേൾക്കണമെന്നു പരാമർശം (20) പ്രകാരം അഭ്യർത്ഥിച്ച സാഹചര്യത്തിൽ, ആയതു പരിഗണിച്ച് ടിയാനെ 26/11/2024 തീയതി വീണ്ടും നേരിൽ കേൾക്കുന്നതിന് പരാമർശം (21) പ്രകാരം വീണ്ടും അറിയിപ്പ് നൽകിയിരുന്നു. ടി തീയതിയിലും ടിയാൻ ഹാജരാകാതെ, തുടർന്നും ശാരീരിക ബുദ്ധിമുട്ട് ഉള്ളതിനാൽ നേരിൽ കേൾക്കുന്നതിന് എത്തിച്ചേരാൻ ബുദ്ധിമുട്ട് ഉണ്ടെന്നും അടുത്ത തീയതി അറിയിക്കണമെന്നും സൂചിപ്പിച്ചു ടിയാൻ അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും കൈപ്പറ്റും അയച്ചുനല്കിയത് പരാമർശം (22) പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. അച്ചടക്ക നടപടിയിൽ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി ടിയാൾക്കു നേരിൽ കേൾക്കുന്നതിന് അവസരങ്ങൾ നൽകിയെങ്കിലും ടി അവസരങ്ങൾ ടിയാൻ വിനിയോഗിക്കാതെ അച്ചടക്കനടപടിക്രമങ്ങൾ പാലിക്കുവാൻ ടിയാൻ വിസമ്മതം കാണിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിരിക്കുന്നു.

ടി അച്ചടക്കനടപടിയിൽ ലഭ്യമായ എല്ലാ രേഖകളും വിശദമായി പരിശോധിച്ചതിൽ ശ്രീ. സാജിദ് വി.കെ. അച്ചടക്കനടപടിക്രമങ്ങൾ പ്രകാരം എതിർവാദപത്രിക സമർപ്പിച്ചിട്ടില്ലാത്തതും നേരിൽ കേൾക്കുന്നതിന് പല അവസരങ്ങൾ അനുവദിച്ചിട്ടും സ്വീകരിച്ചിട്ടില്ലാത്തതും കുറ്റാരോപണങ്ങളിൽ സൂചിപ്പിക്കുന്ന വിഷയങ്ങൾ നിഷേധിക്കുകയോ പണാപഹരണവുമായി ബന്ധമില്ലെന്ന് തെളിയിക്കുന്നതിന് രേഖകൾ, സാക്ഷികൾ എന്നിവ ഹാജരാക്കുകയോ ചെയ്തിട്ടില്ല എന്ന് വിലയിരുത്തുന്നു. കൂടാതെ പണാപഹരണവുമായി ബന്ധപെട്ടു ടിയാൻ കരാറിലേർപ്പെട്ടതും ഇൻവാലിഡ് ചെക്ക് പരാതികക്ഷികൾക്കു നൽകിയതും കോടതിയിൽ കേസ് നിലനിൽക്കുന്ന കാര്യങ്ങളൊന്നും തന്നെ നിഷേധിച്ചിട്ടില്ലാത്തതുമാണ്. ഔപചാരിക അന്വേഷണം സംബന്ധിച്ച് ടിയാൻ സമർപ്പിച്ച ആക്ഷേപങ്ങളൊന്നും തന്നെ അടിസ്ഥാനമില്ലാത്തതാണ് എന്ന് ബോധ്യമാകുന്നു. ഒരു സർക്കാർ ജീവനക്കാരൻ പാലിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ യാതൊന്നും പാലിക്കാതെ വിശ്വാസ വഞ്ചന, പണാപഹരണം, തട്ടിപ്പ് എന്നിങ്ങനെയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്തു, കൃത്യവിലോപം നടത്തി സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളുടെ ലംഘനത്തിൽ ഏർപ്പെട്ട് വകുപ്പിന് അവമതിപ്പുണ്ടാക്കിയെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. കാരണം കാണിക്കൽ നോട്ടീസിനുള്ള ടിയാന്റെ വിശദീകരണത്തിൽ ഔപചാരിക അന്വേഷണറിപ്പോർട്ടിന്റെ കാര്യങ്ങൾ മാത്രം സൂചിപ്പിച്ചിട്ടുള്ളതും ടിയാനെതിരെ നിലനിൽക്കുന്ന കുറ്റാരോപണങ്ങളെ സാധൂകരിക്കുന്നതിനുള്ള തെളിവുകൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്. ശ്രീ. സാജിദ് വി.കെ. യെയും പരാതികക്ഷിയെയും നേരിൽ കേൾക്കുകയും റെക്കോർഡ് ചെയ്യുകയും ടിയാന് തന്റെ ഭാഗം തെളിയിക്കാനുള്ള എല്ലാ അവസരങ്ങളും നല്കിയിട്ടുള്ളതുമാണ്. ആയതിനാൽ തന്നെ കാരണം കാണിക്കൽ നോട്ടീസിനു ടിയാൻ സമർപ്പിച്ച വാദങ്ങൾ ഒന്നും നിലനിൽക്കുന്നില്ല എന്ന് ബോധ്യപ്പെടുന്നു. വകുപ്പുതല അന്വേഷണ വിചാരണകളിൽ ജീവനക്കാരന്റെ അപരാധിത്വം സംശയാതീതമായി തെളിയിക്കണമെന്നില്ലെന്നുള്ളതു കൊണ്ടും പെരുമാറ്റദൂഷ്യം സംബന്ധിച്ച തെളിവ് മതിയെന്നുള്ളതുകൊണ്ടും ടി പണാപഹരണത്തിൽ ടിയാന് പങ്കുണ്ടെന്നു നിസംശയം ബോധ്യപ്പെട്ടിരിക്കുന്നു.

പൊതുജനങ്ങൾക്ക് മാതൃകയാകേണ്ട സർക്കാർ ഉദ്യോഗസ്ഥൻ ജനങ്ങളെ കബളിപ്പിച്ചു ധനാപഹരണം നടത്തുകയും ജോലി വാഗ്ദാനം ചെയ്യുകയും കരാറിലേർപ്പെടുകയും 08/02/2023 തീയതി മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും മറ്റുമുള്ള കടുത്ത അച്ചടക്കലംഘനത്തിൽ ഏർപ്പെട്ടതിൽ ടിയാൻ സർക്കാർ ജീവനക്കാർക്കുള്ള അച്ചടക്കനടപടിയുടെ ഭാഗമായുള്ള പരമാവധി ശിക്ഷയ്ക്കു അർഹനാണെന്നും സർക്കാർ സർവീസിൽ തുടരാൻ യോഗ്യനല്ലെന്നും ബോധ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ **1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 പ്രകാരം ആരംഭിച്ചിട്ടുള്ള അച്ചടക്കനടപടിയിൽ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 11 (1) (vii) പ്രകാരം സീനിയർ ക്ലാർക്ക് ശ്രീ. സാജിദ് വി.കെ. എന്നവരെ 08/02/2023 തീയതി പ്രാബല്യത്തിൽ**

**സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള** പരാമർശം (11) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിലെ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

ശ്രീ. സാജിദ് വി.കെ.,

സീനിയർ ക്ലാർക്ക്,

ഉള്ള്യേരി ഗ്രാമപഞ്ചായത്ത്,

കോഴിക്കോട് ജില്ല

(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ല ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മുഖേന)

പകർപ്പ്:

1. തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ല ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ഉത്തരവ് നടപ്പാക്കി റിപ്പോ ചെയ്യേണ്ടതും ഉത്തരവ് ശ്രീ. സാജിദ് വി.കെ. യ്ക്ക് നൽകി ടിയാന്റെ കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കേ
2. സെക്രട്ടറി, ഉള്ള്യേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല (തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ല ജോ ഡയറക്ടർ, കോഴിക്കോട് മുഖേന)
3. ജൂനിയർ സൂപ്രണ്ട്, DEC സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി